പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T- 3994 16/05/2017 ൽ മറുപടിക്ക്

## തെരുവ് നായ ശല്യം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. സണ്ണി ജോസഫ്** | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തെരുവ് നായശല്യം അമർച്ച ചെയ്യാൻ ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | **എ)** തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ത്രിതല പഞ്ചായത്തുകളും നഗര സഭകളും സഹകരിച്ച് ജില്ലയിലെ നിശ്ചിത കേന്ദ്രങ്ങളിൽ തെരുവ് നായ്ക്കളെ എത്തിച്ച് വന്ധ്യംകരിച്ച് തിരികെ വിടുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുനിരത്തുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമപദ്ധതികളും സ്വീകരിച്ചുവരുന്നു. |
| **ബി)** ഇവ നടപ്പിലാക്കുവാൻ ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്നു വിശദീകരിക്കാമോ; | **ബി)** ജില്ലാ പഞ്ചായത്തുകൾ, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ മിഷൻ ,സൊസൈറ്റി ഫോർ ദി ക്രൂവൽറ്റി അനിമൽസ് തുടങ്ങിയ മൃഗസംരക്ഷണ സംഘടനകളും ചില എൻ.ജി.ഒ. സംഘടനകളും ഇതുമായി സഹകരിച്ചുവരുന്നുണ്ട്. |
| **സി)** തെരുവ് നായ ശല്യം അമർച്ച ചെയ്യുന്നതിന് സർക്കാർ ശ്രമങ്ങൾ വിജയിച്ചിരുന്നോ; വിവരിക്കാമോ? | **സി)** തെരുവുനായ ശല്യം ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ ഫലപ്രദമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. തെരുവുനായ ശല്യം ഗണ്യമായി കുറഞ്ഞു വരുന്നതായിട്ടാണ് കണുന്നത് . എ.ബി.സി പ്രോഗ്രാമിന്റെ പൂർണ്ണ ഗുണഫലം ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ